ഭരണഭാഷ-മാതൃഭാഷ

കെ.എസ്.എ.എം.എൽ.ഡി.ടി.1/411/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലബാർ ദേവസ്വം ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്.
തീയതി:02/06/2022
ഫോൺ നമ്പർ-0495 2370531
ഇ-മെയിൽ: sddlfmdk@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

എക്സിക്യൂട്ടീവ് ഓഫീസർ,
ശ്രീ സാളിഗ്രാം ദേവസ്വം
അരീക്കോട് പി.ഒ
മലപ്പുറം - 673 639

സാർ,

വിഷയം: ശ്രീ സാളിഗ്രാം ക്ഷേത്രത്തിന്റെ 2019 മുതൽ 2021 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത് -സംബന്ധിച്ച്.

*****

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ അനുസരിച്ച് പുറപ്പെടുവിക്കുന്ന **ശ്രീ സാളിഗ്രാം ക്ഷേത്രത്തിന്റെ 2019 മുതൽ 2021 വരെയുള്ള** വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) അനുസരിച്ച് രണ്ടു മാസത്തിനുള്ളിൽ അയച്ചു തരേണ്ടതാണ്.,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ഉള്ളടക്കം: ഓഡിറ്റ് റിപ്പോർട്ട് 2019 മുതൽ 2021 വരെ
പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പ്രസിഡന്റ്, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട് (ഇ-മെയിൽ മുഖേന) (ഉപരിപത്രം സഹിതം)
3.അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, തിരൂർ /കോഴിക്കാട്/തലശ്ശേരി
4.ഓഫീസ് പകർപ്പ്.

DG

കെ.എസ്.എ.എം.എൽ.ഡി.ടി.1/411/2022 തീയതി: 02/06/2022

**1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന മലപ്പുറം ജില്ല ഏറനാട് താലൂക്ക് അരീക്കോട് വില്ലേജിലെ ശ്രീ സാളിഗ്രാമ ക്ഷേത്രത്തിന്റെ 2019 മുതൽ 2021 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്.**

| | | |
|---|---|---|
| 1 | ഓഡിറ്റിന്ന ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ.രതീഷ് കുമാർ.പി.എം, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലബാർ ദേവസ്വം ഓഡിറ്റ്, കോഴിക്കോട് |
| 2 | ഓഡിറ്റർമാരുടെ പേരു വിവരം | 1.ശ്രീ.സുരേഷ് കുമാർ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>2.ശ്രീ.ഉണ്ണികൃഷ്ണൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3.ശ്രീ.ശ്രീകാന്ത്.വി.പി.സീ.ഗ്രേ.ഓഡിറ്റർ<br>4. ശ്രീ.എം.ഡി അനിൽകുമാർ, ഓഡിറ്റർ |
| 3 | ഓഡിറ്റ് നടത്തിയ വർഷം | 2019 മുതൽ 2021 വരെ |
| 4 | ഓഡിറ്റിനെടുത്ത സമയം | 16/05/2022 മുതൽ 18/05/2022 വരെ |

**ക്ഷേത്ര ഭരണാധികാരികളുടെ പേരും തസ്തികയും**

| ക്രമ നം. | പേര് | തസ്തിക | കാലയളവ് |
|---|---|---|---|
| 1. | പി.സുരേന്ദ്രൻ | എക്സിക്യൂട്ടീവ് ഓഫീസർ | 01/01/2019 മുതൽ 31/12/2021 വരെ |

## ഭാഗം-1
## പൊതുവിവരങ്ങൾ

**I-1. ബജറ്റ്**

| വർഷം | അംഗീകാര ഉത്തരവ് നം/തീയ്യതി |
|---|---|
| 2019 | എ 2/1270/2019/എം.ഡി.ബി/(കെ.ഡിസ്) തീയ്യതി 18.11.2019 |
| 2020 | ബജറ്റ് അംഗീകരിച്ചിട്ടില്ല |
| 2021 | ബജറ്റ് അംഗീകരിച്ചിട്ടില്ല |

2020,2021 വർഷങ്ങളിലെ ബജറ്റ് ചെലവുകൾക്ക് മലബാർ ദേവസ്വം ബോർഡിൽനിന്നും അംഗീകാരം വാങ്ങിയിട്ടില്ല. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 02/03/2010-ലെ എച്ച്-9/1637/10 നമ്പർ സർക്കുലർ ഖ.16 പ്രകാരം ഓരോ ക്ഷേത്രത്തിന്റേയും ബജറ്റ് തൊട്ട് മുൻവർഷത്തെ ഒക്ടോബർ 31 ന് മുമ്പ് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

**I-2. വാർഷിക കണക്കുകൾ**

ദേവസ്വത്തിന്റെ 2019 മുതൽ 2021 വരെയുള്ള വാർഷിക കണക്കുകൾ 09.02.2022-നാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) മലബാർ ദേവസ്വം കമ്മീഷണറുടെ എച്ച്-4/7125/15 എം.ഡി.ബി.നം. സർക്കുലർ പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വാർഷിക കണക്കുകൾ കലണ്ടർ വർഷം അവസാനിച്ച് നാല് മാസത്തിനകം (ഏപ്രിൽ 30-നകം) ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

**I-3.ക്ഷേത്ര ഭരണം**

മലബാർ ദേവസ്വം ബോർഡ് നിയമിക്കുന്ന പാരമ്പര്യേതര ട്രസ്റ്റിമാരുടെ മേൽ നോട്ടത്തിലാണ് ഭരണം നടത്തിവരുന്നത്. 18/11/2009-മുതൽ ദേവസ്വത്തിൽ എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ച് ഭരണ കാര്യങ്ങൾ നടത്തി വരുന്നു. ഉത്തരവ് നം. എ.2/382/2020/എം.ഡി.ബി/തീയ്യതി 15.02.2021 പ്രകാരം1.കണ്ണൻ.എ, 2.സുരേഷ് കുമാർ.കെ,3.മാണിക്കുട്ടി എരുമാടൻ, 4.വിശ്വനാഥൻ.സി, 5.വാസു.എ, എന്നിവരെ ക്ഷേത്രത്തിന്റെ പാരമ്പര്യേതര ട്രസ്ററിമാരായി ചുമതലയേൽക്കുന്ന തിയതി മുതൽ 2 വർഷത്തേക്ക് നിയമിച്ചിട്ടുണ്ട്. ചെയർമാനായി എ.കണ്ണനെ തെരഞ്ഞെടുത്തു.

**I-4. ക്ഷേത്രഭൂമി**

മലബാർ ദേവസ്വം ബോർഡ് സ്പെഷ്യൽ ഓഫീസറുടെ 150/05 തീയ്യതി 22/02/2007 പ്രകാരം ക്ഷേത്രത്തിന് താഴെ പറയും പ്രകാരം ഭൂമിയുണ്ട്.

| ക്രമ. നം | ഭൂമിയുടെ വിശദാംശം | വിസ്തീർണ്ണം |
|---|---|---|
| 1 | ബ്ലോക്ക് നം.31, റീ.സ.519/2 , ഏറനാട് താലൂക്ക്, പുത്തലം ദേശം | 1 ഏക്കർ 57.9 സെന്റ് |
| | ആകെ | 1 ഏക്കർ 57.9 സെന്റ് |

ഭൂസ്വത്ത് രജിസ്ററർ സൂക്ഷിച്ചിട്ടില്ല.

**I-5. സൂക്ഷിക്കാത്ത രജിസ്റ്ററുകൾ**

1).അഡ്വാൻസ് രജിസ്റ്റർ
2).ഭൂസ്വത്ത് രജിസ്റ്റർ
3).സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ
4).വഴിപാട് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ

മേൽ രജിസറ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**1-6.പൊതു അവലോകനം:**

താരതമ്യേന വരുമാനം കുറഞ്ഞ ക്ഷേത്രമാണ് ഇത്. 2 ശാന്തി,1 കഴകം,1 അടിച്ചുതളി,1 ക്ലർക്ക് എന്നിങ്ങനെ അഞ്ച് ജീവനക്കാരാണ് ഉള്ളത്. 01.01.2022 മുതൽ പുതുക്കിയ വഴിവാട് നിരക്ക് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പുതുക്കിയ വഴിപാട് നിരക്കുകൾ ട്രസ്റ്റിബോർഡ് പാസ്സാക്കി അംഗീകാരത്തിനായി മലബാർ ദേവസ്വം ബോർഡിന് 2021-ൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുമതി ലഭ്യമായിട്ടില്ല.

## ഭാഗം-2

## വരവ് നിരീക്ഷണങ്ങൾ

**2-1. വാർഷിക കണക്കുകളിലെ അപാകതകൾ**

ഇല്ല

**2-2. സർക്കാർ ധനസഹായം**

ഇല്ല

**2-3. മാനേജ്മെന്റ് ഫണ്ട്**

| വർഷം | തുക | തിയതി | വിനിയോഗം |
|---|---|---|---|
| 2020 | 27500 | 28.08.20 | ഉത്സവബത്ത |
| | 10000 | 22.12.20 | നിത്യത കോവിഡ് |
| 2021 | 33500 | 01.08.21 | ഉത്സവബത്ത |
| | 242112 | 05.03.21 | ശമ്പളകുടിശ്ശിക |

**2-4.വർഷാശനം**

ഇല്ല. ക്ഷേത്രഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും അർ ഹതയുണ്ടെങ്കിൽ, വർഷാശനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**2-5. വായ്പ**

| വർഷം | തുക |
|---|---|
| 2019 | 389 |

ദേവസ്വത്തിൽ വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പാ തുക , തീയതി ആളുടെ പേര്, തിരിച്ചുനൽകിയ തീയതി, തുക എന്നിവ കാണിച്ചുകൊണ്ടുള്ള ഒരു വായ്പാരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**2-6. ഓഡിറ്റ് റിക്കവറി**

ഇല്ല

**2-7. ജാമ്യസംഖ്യ**

1951 ലെ ഹിന്ദുമതധർമ്മ ദാന നിയമം വകുപ്പ് 100 (2)(വൈ)ക്ക് കീഴിലെ ചട്ടങ്ങളിലെ ഭാഗം 11(3)പ്രകാരം ജീവനക്കാരിൽ നിന്നും ജാമ്യസംഖ്യ ഈടാക്കേണ്ടതാണ്.

**ഭാഗം-3**

**3.1. ബൌൾ വാങ്ങിയതിന് ബിൽ ഹാജരാക്കിയില്ല.**

വൌച്ചർ വാങ്ങിയതിന് ബിൽ ഹാജരാക്കിയില്ല. വൌച്ചർ നമ്പർ 7/4.1.2020 പ്രകാരം 14500 രൂപ ബൌൾ വാങ്ങുന്നതിനായി ട്രസ്റ്റി ബോർഡ് മെമ്പറായ ശ്രീ സുരേഷ് കുമാറിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ സാധനം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

യഥാർത്ഥ ബില്ലും, സാധനം സ്റ്റോക്കിലെടുത്തതിന്റെ വിവരവും ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക 14500 രൂപ തടസ്സത്തിൽ വെക്കുന്നു.

**3-2 നിത്യതയ്ക്കുള്ള സാധനങ്ങൾ സ്റ്റോക്കിലെടുക്കുന്നില്ല.**

2019 മുതൽ 2021 വരെയുള്ള കാലയളവിൽ നിത്യതയ്ക്കുള്ള സാധനങ്ങളും, എണ്ണവും വാങ്ങിയിട്ടുണ്ടെങ്കിലും ഇവയൊന്നും സ്റ്റോക്കിലെടുത്തിട്ടില്ല. ഒരുമാസം ശരാശരി 5 ടിൻ (5x15kg) എണ്ണ നിത്യതയ്ക്കായി ഉപയോഗിക്കുന്നുണ്ട്. വർഷത്തിൽ ഇതിനായി നല്ലൊരു തുക ചെലവഴിക്കുന്നുണ്ട്. ഇത്തരം സാധനങ്ങൾ വാങ്ങുന്നത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**II. അപൂർണ്ണമായ മസ്റ്റർ റോൾ**

വൌച്ചർ നം 32/19.02.19 പ്രകാരം 1000 രൂപ നാണി എന്നവർക്ക് നൽകിയിട്ടുണ്ട്. 15.02.19 തീയ്യതിയ്ക്ക് കൂലി

നൽകി എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. എന്താവശ്യത്തിനാണ് പ്രവൃത്തി നടത്തിയതെന്ന് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം കാര്യങ്ങൾ രേഖപ്പെടുത്താതെയാണ് തുക നൽകിയത്.

മേൽ അപാകത്തിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് 4/18.05.2022 ന് മറുപടിയിൽ 2022 മുതൽ വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഉൾ പ്പെടുത്തുന്നതാണ് എന്നാണ് അറിയിച്ചത്. ചെലവഴിച്ച 1000 രൂപ തടസ്സത്തിൽ വെക്കുന്നു.

**3-3**

**I. പ്രിന്റിംഗ് ക്വട്ടേഷൻ വിളിച്ചില്ല.**

ക്ഷേത്രത്തിൽ ഓരോ വർഷവും രസീതി അച്ചടിക്കുന്നതിനായി തുക ചെലവഴിക്കുന്നുണ്ട്. വനിതാ ഓഫ് സറ്റ് പ്രസ്സ് എടവണ്ണപ്പാറ എന്ന സ്ഥാപനത്തിൽ നിന്നാണ് പ്രിന്റ് ചെയ്യിക്കുന്നത്. എന്നാൽ പ്രിന്റിംഗ് നടത്തുന്നതിന്, വിവിധ സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ വാങ്ങി ഏറ്റവും കുറഞ്ഞ നിരക്ക് സ്വീകരിച്ചതായി കാണുന്നില്ല.

**II. വിറകു വാങ്ങിയതിന്റെ വിവരം ലഭ്യമല്ല.**

വൌച്ചർ വാങ്ങിയതിന്റഎ വിവരം ലഭ്യമല്ല.

വൌച്ചർ നം. 32/14.02.2019 പ്രകാരം 2500 രൂപ വിറക് വാങ്ങി എന്ന് കാണിച്ച ശ്രീ സുന്ദരൻ.ടിപി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് വിവരങ്ങളായ എത്ര അളവ്/തൂക്കം, ഇവ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്കിലെടുക്കുവ എന്നിവ ഉണ്ടായിട്ടില്ല. വിറക് വാങ്ങിയതിന് ഒരു വൌച്ചർ മാത്രമേ വെച്ചുള്ളൂ മറ്റ് അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത്തരം വാങ്ങലുകൾക്ക് ആവശ്യമായ രേഖകൾ തയ്യാറാക്കേണ്ടതാണ്.

മേൽ അപാകത്തിന് പരിഹിരക്കേണ്ടതും, ഓരോ വർഷവും ക്വട്ടേഷൻ വിളിച്ച് കുറഞ്ഞ നിരക്കിൽ പ്രിന്റിംഗ് പ്രവൃത്തികൾ ചെയ്യേണ്ടതുമാണ്.

**3-4. അംശാദായം**

1951-ലെ ഹിന്ദു മത ധർമ്മ ദാന നിയമം വകപ്പ് 76 പ്രകാരം മലബാർ ദേവസ്വം ബോർഡിലേക്ക് ക്ഷേത്രം ഒടുക്കിയ അംശാദായത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ | തുക | രശീത്. നം/ തീയ്യതി |
|---|---|---|
| 2019 | 25000 | 9231/01.10.19 |

**3-5 ക്ഷേമനിധി**

| വൗച്ചർ | തുക | വൌ.നം/ തീയ്യതി |
|---|---|---|
| 2021 | 15000 | 141/22.12.21 |

**3-6 ഓഡിറ്റ് ചാർജ്**

1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം സർക്കാരിലേക്ക് ഒടുക്കേണ്ട ഓഡിറ്റ് ചാർജ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | 2019 | 2020 | 2021 |
|---|---|---|---|
| ആകെ വരവ് | 2597641 | 1416012 | 2069077 |
| ഋണശീർഷ വരവ് (കുറക്കുക | 389 | 37500 | 275612 |
| ഓഡിറ്റ് ചാർജ് അടക്കാവുന്ന വരവ് | 2597252 | 1378512 | 1793465 |
| ഓഡിറ്റ്ചാർജ് നിരക്ക് | 1% | 1% | 1% |
| ഓഡിറ്റ് ചാർജ് | 25973 | 13785 | 17935 |
| മുൻ ബാക്കി | 146940 | 172913 | 186698 |
| ആകെ | 172913 | 186698 | 204633 |
| തൻവർഷം ഒടുക്കിയത് | -- | -- | -- |
| ഒടുക്കാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | 172913 | 186698 | 204633 |

**ഒടുക്കാൻ ബാക്കിയുള്ള തുകകളുടെ വിശദ വിവരം**

| വർഷം | തുക | വർഷം | തുക | വർഷം | തുക |
|---|---|---|---|---|---|
| 2010 | 8716 | 2015 | 17858 | 2020 | 13785 |
| 2011 | 9600 | 2016 | 22399 | 2021 | 17935 |
| 2012 | 11631 | 2017 | 26158 | | |
| 2013 | 12447 | 2018 | 23692 | | |
| 2014 | 14439 | 2019 | 25973 | **ആകെ** | **204633** |

ഓഡിറ്റ് ചാർജ് ഇനത്തിൽ അടയ്ക്കാനുള്ള 204633 രൂപ 0070-60-110-98 ഓഡിറ്റ് ചാർജ് എന്ന ശീർഷകത്തിൽ അടച്ച് ഒറിജിനൽ ചലാൻ ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്.

**ഭാഗം-4**

**4-1 ധനസ്ഥിതി**

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് നീക്കിയിരിപ്പ് വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2019 | 59789 | 2597641 | 2657430 | 2555880 | 101550 |
| 2020 | 101550 | 1416012 | 1517562 | 1459619 | 57943 |
| 2021 | 57943 | 2069077 | 2127020 | 2081540 | 45480 |

**4-2 ഓഡിറ്റിൽ നിരാകരിച്ചതിന്റെയും തടസ്സപ്പെടുത്തിയതിന്റെയും വിവരം**

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | നിരാകരിച്ച തുക | തടസ്സപ്പെട്ടുത്തിയ തുക | ഉത്തരവാദിയായ പേരും മേൽവിലാസവും | ഉദ്യോഗസ്ഥന്റെ ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 3-1<br><br><br><br>3-2(2) | | | 14500<br><br><br><br>1000 | പി.സുരേന്ദ്രൻ,<br>കുളത്തിൽത്തൊടി വീട്,<br>വാലില്ലാപ്പുഴ പി.ഒ.,<br>അരീക്കോട് , മലപ്പുറം<br>673 639 | എക്സിക്യൂട്ടീവ് ഓഫീസർ |

**4-3. കേന്ദ്ര സംസ്ഥാന സർക്കാരുകൾ/സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**4-4. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഇനത്തിലുള്ള നഷ്ടം**

ഇല്ല

**4-5. നഷ്ടം നിർണ്ണയിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകൾ**

ഇല്ല

**4-6. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | തീർപ്പാക്കാൻ ബാക്കിയുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|
| 2010-2014 | 3 |
| 2015 -2018 | 5 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

മലബാർ ദേവസ്വം ഓഡിറ്റ്, കോഴിക്കോട്

**അനുബന്ധം-1**

**ശ്രീ സാളിഗ്രാമം ദേവസ്വം -വരവ് ചെലവ് കണക്ക് 2019**

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| വഴിപാട് | 2262303 | ശമ്പളം | 1149018 |
| ഭണ്ഡാരം | 328575 | നിത്യത | 321759 |
| പലവക | 4280 | പലവക | 13225 |
| പലിശ | 2094 | പൂജാസാധനം | 12737 |
| വായ്പ | 389 | സ്റ്റേഷണറി | 31031 |
| | | വിഹിതം | 84124 |
| | | പിതൃകർമ്മസാധനവില | 493278 |
| | | കൂലി | 26500 |
| | | ബലിദർപ്പണം | 129825 |
| | | വാട്ടർ ബിൽ | 4360 |
| | | ടെലഫോൺ | 2598 |
| | | വൈദ്യുതി | 12665 |
| | | വിശേഷാൽ ചെലവ് | 34320 |
| | | ശ്രീകോവിൽ നിർമ്മാണം | 84226 |
| | | അറ്റകുറ്റപ്പണി | 35030 |
| | | ഉത്സവബത്ത | 37000 |
| | | അടിച്ചുതളി | 4400 |
| | | അംശാദായം | 25000 |
| | | ഇലക്ട്രിക്കൽ | 4700 |
| | | ലീവ് സറണ്ടർ | 50045 |
| | | ബാങ്ക് ചാർജ്ജ് | 39 |
| ആകെ | 2597641 | ആകെ | 2555880 |
| നീക്കിയിരുപ്പ് | | മുന്നിരിപ്പ് | |
| കയ്യിരിപ്പ് | | കയ്യിരിപ്പ് | |
| ബാങ്ക് 59789 | 59789 | ബാങ്ക് 101550 | 101550 |
| ആകെ | 2657430 | ആകെ | 2657430 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

### ശ്രീ സാളിഗ്രാമം ദേവസ്വം -വരവ് ചെലവ് കണക്ക് -2020

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| വഴിപാട് | 1102390 | ശമ്പളം | 842496 |
| ഭണ്ഡാരം | 271918 | നിത്യത | 181143 |
| പലിശ | 4204 | പലവക | 7230 |
| ഉത്സവബത്ത | 27500 | പൂജാസാധനം | 5850 |
| കോവിഡ് ഗ്രാന്റ് | 10000 | സ്റ്റേഷണറി | 29638 |
| | | വിഹിതം | 32514 |
| | | പിതൃകർമ്മസാധനവില | 199066 |
| | | കൂലി | 3320 |
| | | വാട്ടർ ബിൽ | 2061 |
| | | ടെലഫോൺ | 2581 |
| | | വൈദ്യുതി | 7444 |
| | | വിശേഷാൽ ചെലവ് | 38820 |
| | | ഉത്സവബത്ത | 40980 |
| | | ഇലക്ട്രിക്കൽ | 18230 |
| | | ലീവ് സറണ്ടർ | 16980 |
| | | ലോക്കർ | 1666 |
| | | ഗ്യാസ് | 1250 |
| | | നവീകരണ ഭണ്ഡാരം | 27600 |
| | | യാത്ര | 750 |
| ആകെ | 1416012 | ആകെ | 1459619 |
| നീക്കിയിരുപ്പ് | | മുന്നിരിപ്പ് | |
| കയ്യിരിപ്പ് | | കയ്യിരിപ്പ് | |
| ബാങ്ക് 101550 | 101550 | ബാങ്ക് 57943 | 57943 |
| ആകെ | 1517562 | ആകെ | 1517562 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-3

### ശ്രീ സാളിഗ്രാമം ദേവസ്വം -വരവ് ചെലവ് കണക്ക് -2021

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| വഴിപാട് | 1551617 | ശമ്പളം | 1353119 |
| ഭണ്ഡാരം | 228857 | നിത്യത | 184467 |
| പലിശ | 1491 | പലവക | 4810 |
| പലവക | 11500 | പൂജാസാധനം | 6880 |
| ഉത്സവബത്ത | 33500 | സ്റ്റേഷണറി | 38012 |
| ശമ്പള കുടിശ്ശിക | 242112 | വിഹിതം | 55195 |
| | | പിതൃകർമ്മസാധനവില | 304528 |
| | | കൂലി | 22170 |
| | | വാട്ടർ ബിൽ | 2092 |
| | | ടെലഫോൺ | 2570 |
| | | വൈദ്യുതി | 5383 |
| | | വിശേഷാൽ ചെലവ് | 42120 |
| | | ഉത്സവബത്ത | 33500 |
| | | ഇലക്ട്രിക്കൽ | 6110 |
| | | ലോക്കർ | 3904 |
| | | ക്ഷേമനിധി | 15000 |
| | | യാത്ര | 1680 |
| ആകെ | 2069077 | ആകെ | 2081540 |
| നീക്കിയിരുപ്പ് | | മുന്നിരിപ്പ് | |
| കയ്യിരിപ്പ് | | കയ്യിരിപ്പ് | |
| ബാങ്ക് 57943 | 57943 | ബാങ്ക് 45480 | 45480 |
| ആകെ | 2127020 | ആകെ | 2127020 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബാങ്ക് അക്കൗണ്ടുകളുടെ വിവരം (നീക്കിയിരിപ്പ്)

| അക്കൗണ്ട് നം | ബാങ്കിന്റെ പേര്, ശാഖ | നീക്കിയിരിപ്പ് തുക (31.12.2021) |
|---|---|---|
| 10770100150602 | ഫെഡറൽ ബാങ്ക് അരീക്കോട് | 6704 |
| 5872 | സഹകരണ ബാങ്ക് അരീക്കോട് | 3918 |
| 9500 | സഹകരണ ബാങ്ക് അരീക്കോട് | 34858 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.**

**അനുബന്ധം-1**

ചോദ്യാവലി

(1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2) (എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

സ്ഥാപനത്തിന്റെ പേര് : ശ്രീ സാളിഗ്രാമം ക്ഷേത്രം

ഓഡിറ്റ് കാലയളവ് : 2019 മുതൽ 2021 വരെ

| | | | |
|---|---|---|---|
| (ക) | കമ്മീഷണർ സൂക്ഷിക്കാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചിട്ടുണ്ടോയെന്ന് | : | ഖണ്ഡിക 1-5 കാണുക |
| (ഖ) | സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാത്ത എല്ലാ സ്ഥാവര വസ്തുക്കളും, മത്സ്യ ബന്ധനാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീള മേറിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനു തകും വണ്ണവും പാട്ടത്തിനു നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടക്കരാർ നടപ്പാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തുവകകൾ പാട്ടത്തിനു നൽകാതിരിക്കുകയോ പാട്ടക്കരാർ നടപ്പിൽ വരു ത്താതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം | : | ഇല്ല |
| (ഗ) | സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയിലുള്ള വരുമാനങ്ങൾ യഥാസ മയം മുതൽക്കൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചീടാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത് | : | ഉണ്ട് |
| (ഘ) | ഏതെങ്കിലും അവകാശവാദങ്ങൾ കാലഹരണ നിയമപ്രകാരം കാലഹരണ പെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം | : | ഇല്ല |
| (ങ) | എല്ലാ വരവുകളും കാലവിളംബം കൂടാതെ കണക്കിൽ വരുത്തിയിട്ടുണ്ടോ എന്നത് | : | ഉണ്ട് |
| (ച) | ഏതെങ്കിലും അവകാശവാദങ്ങൾ എഴുതി തള്ളിയിട്ടുണ്ടെങ്കിൽ, അത് എത്രയെ ന്നും എന്തിന്റെ അടിസ്ഥാനത്തിലെന്നും | : | ഇല്ല |
| (ഛ) | അംഗീകൃത ബജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും, പ്രസ്തുത ബജറ്റിൽ നിന്നും വല്ല വ്യതിയാനവുമുണ്ടെങ്കിൽ ആയവ എന്തെന്നും | : | ഖണ്ഡിക 1-1 കാണുക |
| (ജ) | എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടു ണ്ടോയെന്നും അതിന് ഉപോൽ ബലകമായി ശരിയായ വൗച്ചറുകൾ ഉണ്ടോയെന്നും | : | ഉണ്ട് |

| | | | |
|---|---|---|---|
| (ഝ) | ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ് ചെലവാണോയെന്ന്. | : | അല്ല |
| (ഞ) | സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവക കളും വകമാറ്റിയിട്ടുണ്ടോയെന്ന് | : | ഇല്ല |
| (ട) | മുൻകൂർ സംഖ്യകൾ തിരിച്ചുപിടിക്കുകയോ, താമസം വിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന്. | : | ഇല്ല |
| (ഠ) | അടിയന്തിരചെലവിന് ആവശ്യമില്ലാത്ത തുക ബാങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോയെന്നും | : | ഉണ്ട് |
| (ഡ) | എല്ലാ സംഭാവനകളും കാണിക്കവസ്തുക്കളും കണക്കിൽ വരവു വെച്ചിട്ടുണ്ടോ യെന്ന് | : | ഉണ്ട് |
| (ഢ) | കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമ ഗഡു തീർപ്പാക്കുതിന് മുന്നേ അളവുപരിശോധന നടത്തിയിട്ടുണ്ടോയെന്നും, കൂടാതെ ആവശ്യമായ അനു ബന്ധ കണക്കുകളും, അളവ് പുസ്തകം, നീക്കയിരുപ്പ് പുസ്തകം, കൂലി പട്ടിക തുടങ്ങിയ രജിസ്റ്ററുകളും, ദർഘാസ്, സമ്മതപത്രം മുതലായവയും സൂക്ഷി ച്ചിട്ടുണ്ടോയെന്നും | : | -- |
| (ണ) | വരവു സമാഹരണത്തിന്റെയോ, വിലപിടിപ്പുള്ള വസ്തുവകകളുടെയോ ചുമതലയുള്ള ജീവനക്കാരിൽനിന്നും കരുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കരുതൽ ധാരണപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും | : | ഖണ്ഡിക 2-7 കാണുക |
| (ത) | സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ, വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടായിട്ടുണ്ടോയെന്ന് | : | ഖണ്ഡിക 1-3 കാണുക |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലബാർ ദേവസ്വം ഓഡിറ്റ്, കോഴിക്കോട്